**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – പൊതുമരാമത്ത് വകുപ്പ് - ഫെറിമാൻ- യൂണിഫോം അലവൻസ് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.540/2017/(87)/ധന തീയതി, തിരുവനന്തപുരം, 11/12/2017.

---

പരാമർശം:- 1.സ.ഉ(അച്ചടി)നം.85/2011/ധന തീയതി 26.02.2011.
2.സ.ഉ(അച്ചടി)നം.7/2016/ധന തീയതി 20.01.2016.
3.പൊതുമരാമത്ത് വകുപ്പ് (ഭരണം), തിരുവനന്തപുരം, ചീഫ് എഞ്ചിനീയറുടെ 17.11.2016, 28.03.2017 തീയതികളിലെ ED2/128/2016 നമ്പർ കത്തുകൾ.
4.സർക്കുലർ നം.38/2017/ധന തീയതി 23.05.2017.

## <u>ഉത്തരവ്</u>

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് അലവൻസുകളും 01.07.2009 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിലുള്ള യൂണിഫോം അലവൻസ് അനുവദിക്കുകയും, യൂണിഫോം അലവൻസിന്റെ ഷെഡ്യൂളിൽ ഉൾപ്പെടാതിരിക്കുകയും എന്നാൽ ജോലി സമയത്ത് യൂണിഫോം ധരിക്കേണ്ടി വരികയും ചെയ്യുന്ന ജീവനക്കാർക്ക് പ്രതിവർഷം 1600 രൂപ നിരക്കിൽ യൂണിഫോം അലവൻസിന് അർഹതയുള്ളതായി ഉത്തരവാകുകയും ചെയ്തിരുന്നു. സംസ്ഥാന സർക്കാർ

ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പള സ്കെയിലുകൾ 01/07/2014 മുതൽ പരിഷ്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ, ബന്ധപ്പെട്ട ഷെഡ്യൂളുകളിൽ പ്രത്യേകമായി ഉൾപ്പെട്ടിട്ടില്ലാത്ത വിവിധ അലവൻസുകൾ പിൻവലിക്കപ്പെട്ടതായി കണക്കാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒമ്പതാം ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഫെറിമാൻ തസ്തികയിലുള്ള ജീവനക്കാർക്ക്, പത്താം ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരുത്തുന്നതിന് മുമ്പ്, പ്രതിവർഷം 1600/- രൂപ യൂണിഫോം അലവൻസ് നൽകി വന്നിരുന്നതായി ചീഫ് എഞ്ചിനീയർ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം (2) ഉത്തരവിൽ പൊതുമരാമത്ത് വകുപ്പിന്റെ യൂണിഫോം അലവൻസ് ഷെഡ്യൂളിൽ ഫെറിമാൻ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് യൂണിഫോം അലവൻസ് പ്രത്യേകമായി അനുവദിച്ചിട്ടില്ലാത്തതിനാൽ, ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കേണ്ടുന്ന ഫെറിമാൻ ജീവനക്കാർക്ക് നിലവിൽ യൂണിഫോം അലവൻസ് നൽകാൻ കഴിയുന്നില്ല എന്നും ആയതിനാൽ ടി ജീവനക്കാർക്ക് യൂണിഫോം അലവൻസ് പുന:സ്ഥാപിച്ചു നൽകണമെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വള്ളത്തിൽ കടത്തു ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ ഫെറിമാൻമാർക്ക് പ്രതിവർഷം 2400/- രൂപ നിരക്കിൽ യൂണിഫോം അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

3. ഈ ഉത്തരവിന് 01.10.2017 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

വകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(ഭരണം),തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-379944)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ